133

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# വ്യാവസായിക നിയോജനം (സ്ഥിരം ഉത്തരവുകൾ) ആക്റ്റ്, 1946

(1946-ലെ 20-ാം നമ്പർ ആക്റ്റ്)

(1946 ഏപ്രിൽ 23-ാം തീയതി ഭേദപ്പെടുത്തിയ പ്രകാരം)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ്സ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1976

വില:

[illegible]0-60

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# വ്യാവസായിക നിയോജനം
# (സ്ഥിരം ഉത്തരവുകൾ) ആക്ട്, 1946

(1946-ലെ 20-ാം നമ്പർ ആക്ട്)

(1946 ഏപ്രിൽ 23-ാം തീയതി രൂപഭേദപ്പെടുത്തിയ പ്രകാരം)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1976

50-60

# വ്യാവസായിക നിയോജനം (സ്ഥിരം ഉത്തരവുകൾ) ആക്റ്റ്, 1946.
## (1946 ലെ 20-ാം നമ്പർ ആക്റ്റ്)

[1946 ഏപ്രിൽ, 23]

വ്യാവസായികസ്ഥാപനങ്ങളിലെ നിയോജകൻമാരോട്, അവരുടെ കീഴിലെ നിയോജനത്തിൻെറ വ്യവസ്ഥകൾ ഔപചാരികമായി നിർവചിക്കാൻ അവശ്യപ്പെടുന്ന ആക്റ്റ്,

വ്യാവസായിക സ്ഥാപനങ്ങളിലെ നിയോജകൻമാരോട്, അവരുടെ കീഴിലെ നിയോജനത്തിൻെറ വ്യവസ്ഥകൾ മതിയായ കൃത്യതയോടെ നിർവചിക്കാൻ ആവശ്യപ്പെടുകയും മുൻപറഞ്ഞ വ്യവസ്ഥകൾ അവർ നിയോജിക്കുന്ന തൊഴിലാളിയുടെ അറിവിൽപെടുത്തുകയും ചെയ്യുന്നത് സമീചീനമായിരിക്കയാൽ; ഇതിനാൽ താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. <u>ചുരുക്കപ്പേരും, വ്യാപ്തിയും, ബാധകതയും</u>:—(1) ഈ ആക്റ്റിന് വ്യാവസായിക നിയോജനം (സ്ഥിരം ഉത്തരവുകൾ) ആക്റ്റ്, 1946 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

(3) ഇത്, നൂറോ, അതിലധികമോ തൊഴിലാളികളെ നിയോജിക്കുന്നതോ, കഴിഞ്ഞ പന്ത്രണ്ട് മാസത്തിൽ ഏതെങ്കിലും ദിവസം നിയോജിച്ചിരുന്നതോ ആയ ഏതൊരു വ്യവസായസ്ഥാപനത്തിനും ബാധകമാകുന്നതാണ്!

എന്നാൽ സമുചിത ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, നൂറിൽ താഴെ, അതിൽ വിനിർദ്ദേശിക്കുന്നത്ര ആളുകളെ നിയോജിക്കുന്ന ഏതെങ്കിലും വ്യാവസായിക സ്ഥാപനത്തിന് ഈ ആക്റ്റിലെ വ്യവസ്ഥകൾ ബാധകമാക്കാനുള്ള അതിൻെറ ഉദ്ദേശ്യത്തെക്കുറിച്ച് കുറഞ്ഞത് രണ്ടുമാസത്തെ നോട്ടീസ് കൊടുത്തതിനുശേഷം അപ്രകാരം ബാധകമാക്കാവുന്നതാണ്.

X X X X X X

(4) ഈ ആക്റ്റിലെ യാതൊന്നും,—

(i) ബോംബേ വ്യവസായ ബന്ധങ്ങൾ ആക്റ്റ്, 1946 (1947-ലെ 11-ാം ബോംബേ ആക്റ്റ്), VII-ാം അദ്ധ്യായത്തിലെ വ്യവസ്ഥകൾ ബാധകമാകുന്ന ഏതെങ്കിലും വ്യവസായത്തിനോ, അല്ലെങ്കിൽ

(ii) മദ്ധ്യപ്രദേശ് വ്യാവസായിക നിയോജനം (സ്ഥിരം ഉത്തരവുകൾ) ആക്റ്റ്, 1961 (1961-ലെ 26 ാം മദ്ധ്യപ്രദേശ് ആക്റ്റ്) -ലെ വ്യവസ്ഥകൾ ബാധകമാകുന്ന ഏതെങ്കിലും വ്യവസായ സ്ഥാപനത്തിനോ,

ബാധകമാകുന്നതല്ല:

എന്നാൽ മദ്ധ്യപ്രദേശ് വ്യാവസായിക നിയോജനം (സ്ഥിരം ഉത്തരവുകൾ) ആക്റ്റ്, 1961 (1961 ലെ 26-ാം മദ്ധ്യപ്രദേശ് ആക്റ്റ്)-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിലെ വ്യവസ്ഥകൾ കേന്ദ്രഗവൺമെൻറിൻെറ നിയന്ത്രണത്തിലുള്ള എല്ലാ വ്യാവസായിക സ്ഥാപനങ്ങൾക്കും ബാധകമാകുന്നതാണ്.

2. വ്യാഖ്യാനം:—ഈ ആക്റ്റിൽ, വിഷയത്തിനോ, സന്ദർഭത്തിനോ വിരുദ്ധമായി എന്തെങ്കിലും ഇല്ലാത്തപക്ഷം,—

(ക) “അപ്പീൽ അധികാരസ്ഥാനം” എന്നാൽ, സമുചിത ഗവൺമെൻറ്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, അതിൽ വിനിർദ്ദേശിക്കുന്ന പ്രദേശത്ത് ഈ ആക്റ്റിൻ കീഴിൽ അപ്പീൽ അധികാരസ്ഥാനത്തിൻെറ ചുമതലകൾ നിർവ്വഹിക്കാൻ നിയമിക്കുന്ന അധികാരസ്ഥാനം എന്നർത്ഥമാകുന്നു:

എന്നാൽ, വ്യാവസായിക നിയോജനം (സ്ഥിരം ഉത്തരവുകൾ) (ഭേദഗതി) ആക്റ്റ്, 1963 (1963-ലെ 39)-ൻെറ പ്രാരംഭത്തിന് തൊട്ടുമുമ്പ് ഒരു വ്യാവസായികക്കോടതിയുടേയോ മററ് അധികാരസ്ഥാനത്തിൻേറയോ മുമ്പാകെ നിലവിലിരുന്ന അപ്പീൽ സംബന്ധിച്ച്, ആ കോടതിയോ അധികാരസ്ഥാനമോ അപ്പീൽ അധികാരസ്ഥാനമായി കരുതപ്പെടുന്നതാകുന്നു.

(ഖ) “സമുചിത ഗവൺമെൻറ്” എന്നാൽ, കേന്ദ്രഗവൺമെൻറിൻേറയോ ഒരു റെയിൽവേ ഭരണത്തിൻേറയോ നിയന്ത്രണത്തിൻ കീഴിലുള്ളതോ ഒരു വൻകിട തുറമുഖത്തിലോ ഖനിയിലോ എണ്ണപ്പാടത്തിലോ ഉള്ളതോ ആയ വ്യവസായ സ്ഥാപനങ്ങൾ സംബന്ധിച്ച് കേന്ദ്രഗവൺമെൻറ് എന്നും, മറെറല്ലാ സംഗതികളിലും സ്റേററ്റ് ഗവൺമെൻറ് എന്നും അർത്ഥമാകുന്നു.

(ഗ) “സർട്ടിഫൈ ചെയ്യുന്ന ഉദ്യോഗസ്ഥൻ” എന്നാൽ, ലേബർ കമ്മീഷണർ അല്ലെങ്കിൽ റീജിയണൽ ലേബർ കമ്മീഷണർ എന്ന് അർത്ഥമാകുന്നതും, അതിൽ ഈ ആക്റ്റിൻ കീഴിൽ സർട്ടിഫൈ ചെയ്യുന്ന ഉദ്യോഗസ്ഥൻെറ എല്ലാ ചുമതലകളുമോ അവയിൽ ഏതെങ്കിലുമോ നിർവ്വഹിക്കാൻ സമുചിത ഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി നിയമിക്കുന്ന മറേറതെങ്കിലും ഉദ്യോഗസ്ഥൻ ഉൾപ്പെടുന്നതും ആകുന്നു.

(ഘ) “നിയോജകൻ” എന്നാൽ, ഈ ആക്റ്റ് തൽസമയം ബാധകമാകുന്ന വ്യവസായ സ്ഥാപനത്തിൻെറ ഉടമസ്ഥൻ എന്നർത്ഥമാകുന്നതും അതിൽ—

(i) ഫാക്റ്ററിയിൽ, ഫാക്റ്ററീസ് ആക്റ്റ്, 1948(1948-ലെ 63)-ലെ 7-ാം വകുപ്പ്, (1)-ാം ഉപവകുപ്പ്, (ച) ഖണ്ഡത്തിൻകീഴിൽ ഫാക്റ്ററിയുടെ മാനേജർ എന്ന് പേർ പറയുന്ന ഏതെങ്കിലും ആളും;

(ii) ഇൻഡ്യയിലെ ഏതെങ്കിലും ഗവൺമെൻറിൻെറ ഏതെങ്കിലും വകുപ്പിൻെറ നിയന്ത്രണത്തിൻ കീഴിലുള്ള ഏതെങ്കിലും വ്യാവസായിക സ്ഥാപനത്തിൽ, അങ്ങനെയുള്ള ഗവൺമെൻറ് ഇതിലേയ്ക്കായി നിയമിക്കുന്ന അധികാരസ്ഥാനവും, അല്ലെങ്കിൽ അപ്രകാരം അധികാരസ്ഥാനത്തെ നിയമിച്ചിട്ടില്ലാത്തിടത്ത്, ആ വകുപ്പിൻെറ അദ്ധ്യക്ഷനും;

(iii) മറേറതെങ്കിലും വ്യാവസായിക സ്ഥാപനത്തിൽ, ആ വ്യാവസായിക സ്ഥാപനത്തിൻെറ മേൽനോട്ടത്തിനും, നിയന്ത്രണത്തിനും ഉടമസ്ഥനോട് ഉത്തരവാദിയായ ഏതെങ്കിലും ആളും,

ഉൾപ്പെടുന്നതുമാകുന്നു.

(ങ) "വ്യാവസായിക സ്ഥാപനം" എന്നാൽ,

(i) കൂലികൊടുക്കൽ ആക്റ്റ്, 1936 (1936-ലെ 4)-ലെ 2-ാം വകുപ്പ്, (ii)-ാം ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള ഒരു വ്യാവസായിക സ്ഥാപനം; അല്ലെങ്കിൽ

(ii) ഫാക്റ്ററീസ് ആക്റ്റ്, 1948 (1948-ലെ 63)-ലെ 2-ാം വകുപ്പ് (ഡ) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള ഒരു ഫാക്റ്ററി; അല്ലെങ്കിൽ

(iii) ഇൻഡ്യൻ റയിൽവേ ആക്റ്റ്, 1890 (1890-ലെ 9)-ലെ 2-ാം വകുപ്പ്, (4)-ാം ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള ഒരു റയിൽവേ; അല്ലെങ്കിൽ

(iv) ഏതെങ്കിലും വ്യാവസായിക സ്ഥാപനത്തിന്റെ ഉടമസ്ഥനുമായുള്ള ഒരു കാൺട്രാക്റ്റ് നിർവഹിക്കുന്നതിനുവേണ്ടി തൊഴിലാളികളെ നിയോജിക്കുന്ന ഒരാളുടെ സ്ഥാപനം,

എന്നർത്ഥമാകുന്നു.

(ച) "നിർണ്ണയിക്കപ്പെടുന്ന" എന്നാൽ, ഈ ആക്റ്റിൻ കീഴിൽ, സമുചിത ഗവൺമെൻറിനാൽ, ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന, എന്നർത്ഥമാകുന്നു.

(ഛ) "സ്ഥിരം ഉത്തരവുകൾ" എന്നാൽ, പട്ടികയിൽ പറഞ്ഞിട്ടുള്ള വിഷയങ്ങൾ സംബന്ധിച്ച ചട്ടങ്ങൾ എന്ന് അർത്ഥമാകുന്നു.

(ജ) "ട്രേഡ്‌യൂണിയൻ" എന്നാൽ, ഇൻഡ്യൻ ട്രേഡ് യൂണിയനുകൾ ആക്റ്റ്, 1926 (1926-ലെ 16)-ൻ കീഴിൽ തൽസമയം രജിസ്റ്റർ ചെയ്തിട്ടുള്ള ട്രേഡ് യൂണിയൻ എന്ന് അർത്ഥമാകുന്നു.

(ഝ) "തൊഴിലാളി" എന്നാൽ, നിയോജന വ്യവസ്ഥകൾ, പ്രകടമോ വ്യംഗ്യമോ ആയാലും, ഏതെങ്കിലും വ്യാവസായികസ്ഥാപനത്തിൽ കൂലിക്കോ പ്രതിഫലത്തിൻമേലോ, വിദഗ്ദ്ധമോ അവിദഗ്ദ്ധമോ ശാരീരികമോ മേൽനോട്ടം സംബന്ധിച്ചതോ സാങ്കേതികമോ ക്ലാർക്കിൻേറതോ ആയ ഏതെങ്കിലും പ്രവൃത്തിചെയ്യാൻ നിയോജിക്കപ്പെട്ട ഏതെങ്കിലും ആൾ (അപ്രൻറീസ് ഉൾപ്പെടെ) എന്ന് അർത്ഥമാകുന്നതും, എന്നാൽ അതിൽ—

(i) കരസേനാ ആക്റ്റ്, 1950 (1950-ലെ 46)-നോ, വ്യോമസേനാ ആക്റ്റ്, 1950 (1950 ലെ 45)-നോ, നാവി സേനാ ആക്റ്റ്, 1957 (195 -ലെ 62)-നോ വിധേയനാമിട്ടുള്ളവനോ; അല്ലെങ്കിൽ

(ii) പോലീസ് സർവ്വീസിലോ കാരാഗൃഹത്തിലെ ഉദ്യോഗസ്ഥനോ മററു ജോലിക്കാരനോ ആയോ നിയോജിക്കപ്പെട്ടവനോ; അല്ലെങ്കിൽ

(iii) കൃത്യമായ മാനേജരുടേയോ ഭരണകർത്താവിൻേറയോ നിലയിൽ നിയോജിക്കപ്പെട്ടവനോ; അല്ലെങ്കിൽ

(iv) മേൽനോട്ടക്കാരനെന്ന നിലയിൽ നിയോഗിക്കപ്പെട്ടിരിക്കെ പ്രതിമാസം 500 രൂപയിൽകവിഞ്ഞ് കൂലി വാങ്ങുകയോ ആ ഉദ്യോഗത്തോട് അനുബന്ധിച്ചുള്ള കർത്തവ്യങ്ങളുടെ പ്രകൃതത്താലോ, അതിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങൾ കാരണമായോ മുഖ്യമായോ മാനേജരുടെ പ്രകൃതത്തോടുകൂടിയ ചുമതലകൾ നിർവ്വഹിക്കുകയോ ചെയ്യുന്നവനോ,

ആയ ഏതെങ്കിലും ആൾ ഉൾപ്പെടുന്നതല്ലാത്തതും ആകുന്നു.

3. കരട് സ്ഥിരം ഉത്തരവുകൾ സമർപ്പിക്കൽ:—(1) ഈ ആക്റ്റ് ഒരു വ്യാവസായിക സ്ഥാപനത്തിന് ബാധകമാകുന്ന തീയതി മുതൽ ആറു മാസത്തിനുള്ളിൽ, നിയോജകൻ തന്റെ വ്യാവസായിക സ്ഥാപനത്തിൽ സ്വീകരിക്കപ്പെടാൻ താൻ നിർദ്ദേശിക്കുന്ന കരട് സ്ഥിരം ഉത്തരവുകളുടെ അഞ്ചു പകർപ്പുകൾ സർട്ടിഫൈ ചെയ്യുന്ന ഉദ്യോഗസ്ഥനു സമർപ്പിക്കേണ്ടതാകുന്നു.

(2) അങ്ങനെയുള്ള കരടിൽ, പട്ടികയിൽ പറഞ്ഞിട്ടുള്ളതും ആ വ്യാവസായിക സ്ഥാപനത്തിന് ബാധകമാക്കാവുന്നതുമായ ഏതൊരു വിഷയത്തിനും വ്യവസ്ഥ ചെയ്യേണ്ടതും, അത് മാതൃകാ സ്ഥിരം ഉത്തരവുകൾ നിർണ്ണയിക്കപ്പെട്ടിട്ടുള്ളിടത്ത്, പ്രായോഗികമായിടത്തോളം അങ്ങനെയുള്ള മാതൃകയ്ക്ക് അനുരൂപമായിരിക്കേണ്ടതും ആണ്.

(3) ഈ വകുപ്പിൻകീഴിൽ സമർപ്പിക്കുന്ന കരട് സ്ഥിരം ഉത്തരവുകളോടൊപ്പം, ആ വ്യാവസായിക സ്ഥാപനത്തിൽ നിയോജിക്കപ്പെട്ടിട്ടുള്ള തൊഴിലാളികളുടെ, അവർ ഏതെങ്കിലും ട്രേഡ് യൂണിയനിൽപ്പെട്ടവർ ആണെങ്കിൽ, അതിന്റെ പേർ ഉൾപ്പെടെയുള്ള നിർണ്ണയിക്കപ്പെടുന്ന വിവരങ്ങൾ നല്കുന്ന ഒരു സ്റ്റേറ്റ്മെന്റും ഉണ്ടായിരിക്കേണ്ടതാകുന്നു.

(4) നിർണ്ണയിക്കപ്പെടുന്ന വ്യവസ്ഥകൾക്ക് വിധേയമായി, സദൃശ വ്യാവസായിക സ്ഥാപനങ്ങളിലെ നിയോജകൻമാരുടെ ഗ്രൂപ്പിന് ഈ വകുപ്പിൻകീഴിൽ സ്ഥിരം ഉത്തരവുകളുടെ സംയുക്ത കരട് സമർപ്പിക്കേണ്ടതാകുന്നു.

4. സ്ഥിരം ഉത്തരവുകൾ സർട്ടിഫൈ ചെയ്യുന്നതിനുള്ള ഉപാധികൾ:—സ്ഥിരം ഉത്തരവുകൾ,—

(ക) അവയിൽ പട്ടികയിൽ പറഞ്ഞിട്ടുള്ളതും വ്യാവസായികസ്ഥാപനത്തിന് ബാധകമായതുമായ ഏതൊരു വിഷയത്തിനും വ്യവസ്ഥ ചെയ്യുകയും;

(ഖ) ആ സ്ഥിരം ഉത്തരവുകൾ മററുവിധത്തിൽ ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അനുരൂപമായിരിക്കുകയും;

ചെയ്യുന്നുവെങ്കിൽ ഈ ആക്റ്റിൻകീഴിൽ സർട്ടിഫൈ ചെയ്യപ്പെടാവുന്നതായിരിക്കുന്നതാണ്; ഏതെങ്കിലും സ്ഥിരം ഉത്തരവുകളിലെ വ്യവസ്ഥകളുടെ നീതിപൂർവ്വകതയേയോ ന്യായ്യതയേയോ കുറിച്ച് ന്യായനിർണ്ണയം ചെയ്യുന്നത് സർട്ടിഫൈ ചെയ്യുന്ന ഉദ്യോഗസ്ഥന്റെയോ അപ്പീൽ അധികാരസ്ഥാനത്തിന്റെയോ ചുമതല ആയിരിക്കുന്നതും ആണ്.

5. സ്ഥിരം ഉത്തരവുകൾ സർട്ടിഫൈ ചെയ്യുന്നത്:—(1) (3)-ാം ഉപവകുപ്പിൻകീഴിൽ കരട് കിട്ടുന്നതിൻമേൽ സർട്ടിഫൈ ചെയ്യുന്ന ഉദ്യോഗസ്ഥൻ, അതിന്റെ ഒരു പകർപ്പ്, കരട് സ്ഥിരം ഉത്തരവുകൾക്ക് തൊഴിലാളികൾ കൊടുക്കാൻ ആഗ്രഹിക്കുന്ന ആക്ഷേപങ്ങൾ വല്ലതുമുണ്ടെങ്കിൽ, അവ നോട്ടീസ് കിട്ടി പതിനഞ്ചു ദിവസത്തിനുള്ളിൽ സർട്ടിഫൈ ചെയ്യുന്ന ഉദ്യോഗസ്ഥന് സമർപ്പിക്കാൻ ആവശ്യപ്പെടുന്നതും, നിർണ്ണയിക്കപ്പെടുന്ന ഫാറത്തിൽ ഉള്ളതുമായ ഒരു നോട്ടീസു സഹിതം തൊഴിലാളിയുടെ ട്രേഡ് യൂണിയൻ ഏതെങ്കിലും ഉണ്ടെങ്കിൽ അതിനോ അങ്ങനെ ട്രേഡ് യൂണിയൻ ഇല്ലാത്തിടത്ത്, നിർണ്ണയിക്കപ്പെടുന്ന രീതിയിൽ തൊഴിലാളികൾക്കോ അയക്കേണ്ടതാകുന്നു.

(2) നിയോജകനും, ട്രേഡ് യൂണിയനും അല്ലെങ്കിൽ തൊഴിലാളികളുടെ നിർണ്ണയിക്കപ്പെടുന്ന മററു പ്രതിനിധികൾക്കും പറയാനുള്ളത് പറയാൻ അവസരം കൊടുത്തതിനുശേഷം, സർട്ടിഫൈ ചെയ്യുന്ന ഉദ്യോഗസ്ഥൻ ഈ ആക്റ്റിൻകീഴിൽ കരട് സ്ഥിരം ഉത്തരവുകൾ സർട്ടിഫൈ ചെയ്യാവുന്ന

താക്കുന്നതിന് നിയോജകൻ സമർപ്പിച്ച കരടിന് ഏതെങ്കിലും രൂപഭേദമോ കൂട്ടിച്ചേർക്കലോ ആവശ്യകമാണോ അല്ലയോ എന്നു തീരുമാനിക്കുകയും അതനുസരിച്ച് ലിഖിതമായ ഉത്തരവ് ചെയ്യുകയും ചെയ്യേണ്ടതാകുന്നു.

(3) അതോടെ സർട്ടിഫൈ ചെയ്യുന്ന ഉദ്യോഗസ്ഥൻ കരട് സ്ഥിരം ഉത്തരവുകൾ, അവയിൽ (2)-ാം ഉപവകുപ്പിൻകീഴിലെ തന്റെ ഉത്തരവ് ആവശ്യപ്പെടുന്ന ഏതെങ്കിലും രൂപഭേദങ്ങൾ വരുത്തിയതിനുശേഷം സർട്ടിഫൈ ചെയ്യേണ്ടതും, അതിനുശേഷം ഏഴു ദിവസത്തിനുള്ളിൽ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ പ്രമാണീകരിക്കപ്പെടുന്ന സർട്ടിഫൈ ചെയ്ത സ്ഥിരം ഉത്തരവുകളുടേയും (2)-ാം ഉപവകുപ്പിൻകീഴിലെ തന്റെ ഉത്തരവിന്റെയും പകർപ്പുകൾ, നിയോജകനും ട്രേഡ് യൂണിയനും, അല്ലെങ്കിൽ തൊഴിലാളിയുടെ മററ് നിർണ്ണയിക്കപ്പെടുന്ന പ്രതിനിധികൾക്കും അയച്ചുകൊടുക്കേണ്ടതും ആകുന്നു.

6. അപ്പീലുകൾ:—(1) സർട്ടിഫൈചെയ്യുന്ന ഉദ്യോഗസ്ഥന്റെ 5-ാംവകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിലെ ഉത്തരവിനാൽ സങ്കടക്കാരനായ ഏതൊരാൾക്കും, ആ വകുപ്പ് (3)-ാം ഉപവകുപ്പിൻകീഴിൽ പകർപ്പുകൾ അയക്കുന്ന തീയതി മുതൽ മുപ്പതു ദിവസത്തിനുള്ളിൽ അപ്പീൽ അധികാരസ്ഥാനത്തിന് അപ്പീൽ കൊടുക്കാവുന്നതും, അപ്പീൽ അധികാരസ്ഥാനം സ്ഥിരം ഉത്തരവുകൾ സർട്ടിഫൈ ചെയ്യുന്ന ഉദ്യോഗസ്ഥൻ സർട്ടിഫൈ ചെയ്ത രൂപത്തിലോ അല്ലെങ്കിൽ മുൻപറഞ്ഞ സ്ഥിരം ഉത്തരവുകൾ ഈ ആക്ററിൻകീഴിൽ സർട്ടിഫൈ ചെയ്യാവുന്നതാക്കുന്നതിന് ആവശ്യകമാണെന്ന് അതിന് തോന്നുന്ന രൂപഭേദങ്ങൾ വരുത്തിയോ കൂട്ടിച്ചേർക്കലുകൾ നടത്തിയോ ഭേദഗതി ചെയ്തശേഷമോ, ലിഖിതമായ ഉത്തരവുവഴി സ്ഥിരപ്പെടുത്തേണ്ടതും അപ്പീൽ അധികാരസ്ഥാനത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതും ആകുന്നു.

(2) അപ്പീൽ അധികാരസ്ഥാനം (1)-ാം ഉപവകുപ്പിൻകീഴിലെ അതിന്റെ ഉത്തരവിന് ശേഷം ഏഴ് ദിവസത്തിനുള്ളിൽ, ആ ഉത്തരവിന്റെ പകർപ്പുകൾ സർട്ടിഫൈ ചെയ്യുന്ന ഉദ്യോഗ.സ്ഥൻ സർട്ടിഫൈ ചെയ്ത പ്രകാരമുള്ള സ്ഥിരം ഉത്തരവുകൾ ഭേദഗതി കൂടാതെ സ്ഥിരപ്പെടുത്തിയിട്ടില്ലാത്തപക്ഷം അപ്പീൽ അധികാരസ്ഥാനം സർട്ടിഫൈ ചെയ്യുകയും നിർണ്ണയിക്കപ്പെടുന്ന രീതിയിൽ പ്രമാണീകരിക്കുകയും ചെയ്യുന്ന സ്ഥിരം ഉത്തരവുകളുടെ പകർപ്പുകൾ സഹിതം സർട്ടിഫൈ ചെയ്യുന്ന ഉദ്യോഗസ്ഥനും നിയോജകനും ട്രേഡ്‌യൂണിയനും, അല്ലെങ്കിൽ തൊഴിലാളികളുടെ നിർണ്ണയിക്കപ്പെടുന്ന മററ് പ്രതിനിധികൾക്കും അയച്ചുകൊടുക്കേണ്ടതാകുന്നു.

7. സ്ഥിരം ഉത്തരവുകൾ പ്രവർത്തനത്തിൽ വരുന്ന തീയതി:—സ്ഥിരം ഉത്തരവുകൾ, 6-ാം വകുപ്പിൻ കീഴിൽ അപ്പീൽ ബോധിപ്പിക്കാത്തപക്ഷം, 5-ാം വകുപ്പ്, 3-ാം ഉപവകുപ്പിൻകീഴിൽ, അതിന്റെ പ്രമാണീകരിക്കപ്പെട്ട പകർപ്പുകൾ അയക്കുന്ന തീയതി മുതൽ മുപ്പതു ദിവസം കഴിയുന്നതിൻമേലോ, അല്ലെങ്കിൽ മുൻപറഞ്ഞതുപോലെയുള്ള അപ്പീൽ ബോധിപ്പിച്ചിട്ടുള്ളിടത്ത്, 6-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ അപ്പീൽ അധികാരസ്ഥാനത്തിന്റെ ഉത്തരവുകളുടെ പകർപ്പുകൾ അയക്കുന്ന തീയതി മുതൽ ഏഴു ദിവസം കഴിയുന്നതിൻമേലോ പ്രവർത്തനത്തിൽ വരുന്നതാകുന്നു.

8. സ്ഥിരം ഉത്തരവുകളുടെ രജിസ്ററർ:—ഈ ആക്ററിൻകീഴിൽ അന്തിമമായി സർട്ടിഫൈചെയ്ത പ്രകാരമുള്ള എല്ലാ സ്ഥിരം ഉത്തരവുകളുടേയും ഒരു പകർപ്പ്, ഈ ആവശ്യത്തിലേക്കുവച്ചുപോരുന്ന ഒരു രജിസ്ററിൽ, സർട്ടിഫൈ ചെയ്യുന്ന ഉദ്യോഗസ്ഥൻ നിർണ്ണയിക്കപ്പെടുന്ന ഫാറത്തിൽ ഫയൽചെയ്യേണ്ടതും, സർട്ടിഫൈ ചെയ്യുന്ന ഉദ്യോഗസ്ഥൻ അതിന്റെ ഒരു പകർപ്പ് നിർണ്ണയിക്കപ്പെടുന്ന ഫീസ് അടച്ച് അതിനുവേണ്ടി അപേക്ഷിക്കുന്ന ഏതെങ്കിലും ആൾക്ക് നല്കേണ്ടതുമാകുന്നു.

9. സ്ഥിരം ഉത്തരവുകൾ പതിക്കുന്നത്:—ഈ ആക്ററിൻ കീഴിൽ അന്തിമമായി സർട്ടിഫൈചെയ്ത പ്രകാരമുള്ള സ്ഥിരം ഉത്തരവുകളുടെപാഠം നിയോജകൻ വ്യാവസായിക സ്ഥാപനത്തിലേയ്ക്ക് ഭൂരിഭാഗം തൊഴിലാളികൾ പ്രവേശിക്കുന്ന പ്രവേശനമാർഗ്ഗത്തിലും, അല്ലെങ്കിൽ അതിനടുത്തും, തൊഴിലാളികൾ നിയോജിക്കപ്പെടുന്ന അതിൻെറ എല്ലാ വകുപ്പുകളിലും, ഈ ആവശ്യത്തിലേക്ക് വച്ചുപോരുന്ന പ്രത്യേക ബോർഡുകളിൻമേൽ, ഇംഗ്ലീഷിലും, തൻെറ ഭൂരിഭാഗം തൊഴിലാളികൾക്കും മനസ്സിലാകുന്ന ഭാഷയിലും ശ്രദ്ധയാകർഷിക്കത്തക്കവിധം പതിക്കേണ്ടതാകുന്നു.

10. സ്ഥിരം ഉത്തരവുകൾ നിലനില്ക്കുന്ന കാലവും അവ രൂപഭേദപ്പെടുത്തുന്നതും —(1) ഈ ആക്ററിൻകീഴിൽ അന്തിമമായി സർട്ടിഫൈ ചെയ്യപ്പെടുന്ന സ്ഥിരം ഉത്തരവുകൾ, നിയോജകനും തൊഴിലാളികളും തമ്മിലുള്ള കരാറിൻമേലൊഴികെ, സ്ഥിരം ഉത്തരവുകളോ അതിൻെറ ഒടുവലത്തെ രൂപഭേദപ്പെടുത്തലുകളോ പ്രവർത്തനത്തിൽവന്ന തീയതിമുതൽ ആറുമാസം കഴിയുന്നതുവരെ രൂപഭേദപ്പെടുത്താവുന്നതല്ല.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു നിയോജകന്നോ, തൊഴിലാളിക്കോ സ്ഥിരം ഉത്തരവുകൾ രൂപഭേദപ്പെടുത്തികിട്ടുന്നതിന് സർട്ടിഫൈ ചെയ്യുന്ന ഉദ്യോഗസ്ഥനോട് അപേക്ഷിക്കാവുന്നതും, അങ്ങനെയുള്ള അപേക്ഷയോടൊപ്പം ചെയ്യപ്പെടാൻ ഉദ്ദേശിക്കുന്ന രൂപഭേദങ്ങളുടെ അഞ്ച് പകർപ്പുകൾ ഉണ്ടായിരിക്കേണ്ടതും, അങ്ങനെയുള്ള രൂപഭേദപ്പെടുത്തലുകൾ നിയോജകനും തൊഴിലാളികളും തമ്മിലുള്ള കരാർവഴി ചെയ്യപ്പെടാനുദ്ദേശിക്കുന്നിടത്ത്, ആ കരാറിൻെറ ഒരു സർട്ടിഫൈ ചെയ്ത പകർപ്പ് അപേക്ഷയോടൊപ്പം ഫയൽ ചെയ്യേണ്ടതുമാകുന്നു.

(3) ഈ ആക്ററിലെ മുൻപറഞ്ഞ വ്യവസ്ഥകൾ (2)-ാം ഉപവകുപ്പിൻ കീഴിലെ അപേക്ഷ സംബന്ധിച്ച് ആദ്യത്തെ സ്ഥിരം ഉത്തരവുകളുടെ സർട്ടിഫൈ ചെയ്യലിന് ബാധകമാകുന്നതുപോലെ ബാധകമാകുന്നതാണ്.

(4) (2)-ാം ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും, സമുചിത ഗവൺമെൻറ് ഗുജറാത്ത് സ്റേററിൻെറ ഗവൺമെൻേറാ മഹാരാഷ്ട്ര സ്റേററിൻെറ ഗവൺമെൻേറാ ആയിരിക്കുന്ന ഒരു വ്യവസായ സ്ഥാപനത്തിന്ന്, ബാധകമാകുന്നതല്ല.

11. സർട്ടിഫൈ ചെയ്യുന്ന ഉദ്യോഗസ്ഥൻമാർക്കും, അപ്പീൽ അധികാരസ്ഥാനങ്ങൾക്കും സിവിൽക്കോടതിയുടെ അധികാരങ്ങൾ ഉണ്ടായിരിക്കണമെന്ന്:- (1) ഏതൊരു സർട്ടിഫൈചെയ്യുന്ന ഉദ്യോഗസ്ഥനും അപ്പീൽ അധികാരസ്ഥാനത്തിന്നും തെളിവ് സ്വീകരിക്കലിൻേറയും, ശപഥം ചെയ്യിക്കലിൻേറയും, സാക്ഷികളെ ഹാജരാക്കിക്കുന്നതിൻേറയും, രേഖകളുടെ വെളിപ്പെടുത്തലും ഹാജരാക്കലും നിർബന്ധിക്കുന്നതിൻേറയും, ആവശ്യങ്ങൾക്ക് സിവിൽ ക്കോടതിയുടെ എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതും, അവർ ക്രിമിനൽ നടപടി നിയമസംഹിത, 1898, (1898-ലെ 5) 480-ം, 482-ം വകുപ്പുകളുടെ അർത്ഥത്തിൽ ഒരു സിവിൽക്കോടതിയായി കരുതപ്പെടുന്നതുമാകുന്നു.

(2) സർട്ടിഫൈ ചെയ്യുന്ന ഉദ്യോഗസ്ഥനോ, അപ്പീൽ അധികാരസ്ഥാനമോ, പാസ്സാക്കുന്ന ഏതെങ്കിലും ഉത്തരവിലുള്ള കൈത്തെററുകളോ, കണക്കുകൂട്ടൽ തെററുകളോ, അല്ലെങ്കിൽ ഏതെങ്കിലും യാദൃച്ഛികമായ വീഴ്ചയിൽനിന്നോ വിട്ടുപോകലിൽനിന്നോ ഉണ്ടാകുന്ന പിശകുകളോ, അതത് സംഗതിപോലെ, ആ ഉദ്യോഗസ്ഥനോ, അധികാരസ്ഥാനത്തിനോ അല്ലെങ്കിൽ അങ്ങനെയുള്ള ഉദ്യോഗസ്ഥൻേറയോ, അധികാരസ്ഥാനത്തിൻേറയോ പിൻഗാമിക്കോ ഏതുസമയത്തും തിരുത്താവുന്നതാണ്.

12. സ്ഥിരം ഉത്തരവുകളെക്കുറിച്ച് വാക്കാൽത്തെളിവ് സ്വീകരിക്കാവുന്നതല്ലെന്ന്:— ഈ ആക്റ്റിൻ കീഴിൽ അന്തിമമായി സർട്ടിഫൈ ചെയ്ത പ്രകാരമുള്ള സ്ഥിരം ഉത്തരവുകളോട് കൂട്ടിച്ചേർക്കുകയോ അല്ലെങ്കിൽ മററുവിധത്തിൽ അവ വ്യത്യാസപ്പെടുത്തുകയോ അവയ്ക്കു വിപരീതമായതു പറയുകയോ ചെയ്യുന്ന പ്രഭാവം ഉള്ള യാതൊരു വാക്കാൽത്തെളിവും ഏതെങ്കിലും കോടതിയിൽ സ്വീകരിക്കപ്പെടുന്നതല്ല.

12ക. മാതൃകാസ്ഥിരം ഉത്തരവുകളുടെ താൽക്കാലിക ബാധകത:—(1) 3 മുതൽ 12 വരെ വകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു വ്യാവസായികസ്ഥാപനത്തിന് ഈ ആക്റ്റ് ബാധകമാകുന്ന തീയതി ആരംഭിക്കുന്നതും, ഈ ആക്റ്റിൻകീഴിൽ അന്തിമമായി സർട്ടിഫൈ ചെയ്ത പ്രകാരമുള്ള സ്ഥിരം ഉത്തരവുകൾ 7-ാം വകുപ്പിൻകീഴിൽ ആ സ്ഥാപനത്തിൽ പ്രവർത്തനത്തിൽ വരുന്ന തീയതിയോടുകൂടി അവസാനിക്കുന്നതുമായ കാലത്തേക്ക് നിർണ്ണയിക്കപ്പെടുന്ന മാതൃകാസ്ഥിരം ഉത്തരവുകൾ, ആ സ്ഥാപനത്തിൽ അംഗീകരിക്കപ്പെട്ടതായി കരുതപ്പെടുന്നതും, 9-ാം വകുപ്പിലേയും 13-ാം വകുപ്പ് (2)-ാം ഉപവകുപ്പിലേയും 13 ക വകുപ്പിലേയും വ്യവസ്ഥകൾ, അങ്ങനെയുള്ള മാതൃകാസ്ഥിരം ഉത്തരവുകൾക്ക് അപ്രകാരം സർട്ടിഫൈ ചെയ്ത സ്ഥിരം ഉത്തരവുകൾക്ക് ബാധകമാകുന്നതുപോലെ, ബാധകമാകുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും, സമുചിതഗവൺമെൻറ് ഗുജറാത്ത് സ്റേററിന്റെ ഗവൺമെൻേറാ, മഹാരാഷ്ട്രാ സ്റേററിന്റെ ഗവൺമെൻേറാ, ആയിരിക്കുന്ന വ്യാവസായികസ്ഥാപനത്തിന് ബാധകമാകുന്നതല്ല,

13. ദണ്ഡനങ്ങളും നടപടിക്രമവും:—(1) 3-ാം വകുപ്പ് ആവശ്യപ്പെടുന്ന പ്രകാരം കരട് സ്ഥിരം ഉത്തരവുകൾ സമർപ്പിക്കാതിരിക്കുകയോ, 10-ാംവകുപ്പ് അനുസരിച്ചല്ലാതെ തന്റെ സ്ഥിരം ഉത്തരവുകൾ രൂപഭേദപ്പെടുത്തുകയോ ചെയ്യുന്ന നിയോജകൻ, അയ്യായിരം രൂപയോളമാകാവുന്ന പിഴ ശിക്ഷയും, തുടരുന്ന കുററത്തിന്റെ സംഗതിയിൽ, ആദ്യത്തെ ദിവസത്തിനുശേഷം, കുററം തുടരുന്ന ഏതൊരു ദിവസത്തിനും ഇരുനൂറു രൂപയോളമാകാവുന്ന കൂടുതൽ പിഴശിക്ഷയും നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(2) തന്റെ വ്യാവസായിക സ്ഥാപനത്തിന് ഈ ആക്റ്റിൻകീഴിൽ അന്തിമമായി സർട്ടിഫൈ ചെയ്തിട്ടുള്ള സ്ഥിരം ഉത്തരവുകൾ ഉല്ലംഘിച്ചുകൊണ്ട് ഏതെങ്കിലും കൃത്യം ചെയ്യുന്ന നിയോജകൻ, നൂറുരൂപയോളമാകാവുന്ന പിഴശിക്ഷയും തുടരുന്ന കുററത്തിന്റെ സംഗതിയിൽ, ആദ്യത്തെ ദിവസത്തിനു ശേഷം കുററം തുടരുന്ന ഏതൊരു ദിവസത്തിനും, ഇരുപത്തഞ്ച് രൂപയോളമാകാവുന്ന കൂടുതൽ പിഴശിക്ഷയും നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(3) ഈ വകുപ്പിൻകീഴിൽ ശിക്ഷിയ്ക്കപ്പെടാവുന്ന കുററത്തിനുള്ള യാതൊരു പ്രാസിക്യൂഷനും സമുചിത ഗവൺമെൻറിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടിയല്ലാതെ ആരംഭിക്കാൻ പാടുള്ളതല്ല.

(4) ഒരു പ്രസിഡൻസി മജിസ്ട്രേററിന്റേയോ രണ്ടാംക്ലാസ് മജിസ്ട്രേററിന്റേയോ കോടതിക്കു താഴെയുള്ള യാതൊരു കോടതിയും, ഈ വകുപ്പിൻ കീഴിലെ ഏതെങ്കിലും കുററം വിചാരണചെയ്യാൻ പാടുള്ളതല്ല.

13 ക. സ്ഥിരം ഉത്തരവുകളുടെ വ്യാഖ്യാനം മുതലായവ:—ഈ ആക്റ്റിൻ കീഴിൽ സർട്ടിഫൈചെയ്ത ഒരു സ്ഥിരം ഉത്തരവിന്റെ, ബാധകതയോ വ്യാഖ്യാനമോ സംബന്ധിച്ച് ഏതെങ്കിലും പ്രശ്നം ഉദ്ഭവിക്കുന്നുവെങ്കിൽ, ഏതെ

കിലും നിയോജകന്നോ, തൊഴിലാളിക്കോ വ്യാവസായികതർക്കങ്ങൾ ആക്ററ്, 1947 (1947-ലെ 14)-ൻ കീഴിൽ ഏർപ്പെടുത്തിയിട്ടുള്ളതും അങ്ങനെയുള്ള നടപടി തീർപ്പാക്കുന്നതിനായി സമുചിത ഗവൺമെൻറിനാൽ ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി വിനിർദ്ദേശിക്കപ്പെട്ടിട്ടുള്ളതുമായ തൊഴിൽക്കോടതികളിൽ ഏതിലേക്കെങ്കിലും പ്രശ്നം റഫർചെയ്യാവുന്നതും, പ്രശ്നം അപ്രകാരം റഫർ ചെയ്യപ്പെടുന്ന തൊഴിൽക്കോടതി, കക്ഷികൾക്ക് പറയുവാനുള്ളത് പറയാൻ അവസരം കൊടുത്തതിനുശേഷം, പ്രശ്നം തീരുമാനിക്കേണ്ടതും അങ്ങനെയുള്ള തീരുമാനം അന്തിമവും കക്ഷികളെ ബന്ധിക്കുന്നതും ആയിരിക്കുന്നതുമാണ്.

13 ഖ. ആക്ററ് ചില വ്യാവസായിക സ്ഥാപനങ്ങൾക്ക് ബാധകമാകുന്നതല്ലെന്ന്:—ഈ ആക്ററിലെ യാതൊന്നും, ഒരു വ്യാവസായിക സ്ഥാപനത്തിന്, അതിൽ നിയോജിക്കപ്പെടുന്ന തൊഴിലാളികൾ മൗലിക അനുപൂരക ചട്ടങ്ങളോ, സിവിൽ സർവ്വീസുകൾ (തരംതിരിക്കലും—നിയന്ത്രണവും അപ്പീലും) ചട്ടങ്ങളോ, സിവിൽ സർവ്വീസുകൾ (താത്ക്കാലിക സർവ്വീസ്) ചട്ടങ്ങളോ, പുതുക്കിയ അവധി ചട്ടങ്ങളോ സിവിൽസർവ്വീസ് റഗുലേഷനുകളോ, പ്രതിരക്ഷാസർവ്വീസിലെ സിവിലിയൻമാർ (തരംതിരിക്കലും നിയന്ത്രണവും-അപ്പീലും) ചട്ടങ്ങളോ ഇൻഡ്യൻ റയിൽവേ എസ്ററാബ്ലിഷ്മെൻറ് കോഡോ, അല്ലെങ്കിൽ സമുചിത ഗവൺമെൻറ് ഔദ്യോഗിക ഗസററിൽ ഇതിലേക്ക് വിജ്ഞാപനം ചെയ്യുന്ന മറേറതെങ്കിലും ചട്ടങ്ങളോ റഗുലേഷനുകളോ ബാധകമാകുന്ന ആളുകൾ ആയിരിക്കുന്നിടത്തോളം, ബാധകമാകുന്നതല്ല.

14. ഒഴിവാക്കാനുള്ള അധികാരം:—സമുചിത ഗവൺമെൻറിന് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഏതെങ്കിലുംതരം വ്യവസായിക സ്ഥാപനത്തേയോ വ്യാവസായിക സ്ഥാപനങ്ങളേയോ ഈ ആക്ററിലെ എല്ലാ വ്യവസ്ഥകളിൽനിന്നുമോ ഏതെങ്കിലും വ്യവസ്ഥകളിൽനിന്നോ സോപാധികമായോ നിരുപാധികമായോ ഒഴിവാക്കാവുന്നതാണ്.

14 ക. അധികാരങ്ങളുടെ പ്രത്യായോജനം:—സമുചിത ഗവൺമെൻറിന് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഈ ആക്ററിൻേറയോ, അതിൻകീഴിൽ ഉണ്ടാക്കുന്ന ഏതെങ്കിലും ചട്ടങ്ങളുടേയോ കീഴിൽ, അതിന് പ്രയോഗിക്കാവുന്ന ഏതെങ്കിലും അധികാരം, നിദേശത്തിൽ വിനിർദ്ദേശിക്കുന്ന വിഷയങ്ങൾ സംബന്ധിച്ചും വിനിർദ്ദേശിക്കുന്ന ഉപാധികൾ വല്ലതുമുണ്ടെങ്കിൽ അവയ്ക്കു വിധേയമായും;

(ക) സമുചിത ഗവൺമെൻറ് കേന്ദ്രഗവൺമെൻറ് ആയിരിക്കുന്നിടത്ത്, കേന്ദ്രഗവൺമെൻറിൻെറ കീഴിലുള്ളതും വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്നതുമായ ഉദ്യോഗസ്ഥന്നോ അധികാരസ്ഥാനത്തിന്നോ അല്ലെങ്കിൽ സ്ററേററ് ഗവൺമെൻറിന്നോ അല്ലെങ്കിൽ സ്ററേററ് ഗവൺമെൻറിൻെറ കീഴിലുള്ളതും വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്നതുമായ ഉദ്യോഗസ്ഥന്നോ അധികാരസ്ഥാനത്തിന്നോ;

(ഖ) സമുചിത ഗവൺമെൻറ് സ്ററേററു ഗവൺമെൻറ് ആയിരിക്കുന്നിടത്ത്, സ്ററേററ് ഗവൺമെൻറിൻെറ കീഴിലുള്ളതും വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്നതുമായ ഉദ്യോഗസ്ഥന്നോ അധികാരസ്ഥാനത്തിന്നോ കൂടി പ്രയോഗിക്കാവുന്നതാണെന്ന് നിദേശിക്കാവുന്നതാണ്.

15. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം:—(1) സമുചിത ഗവൺമെൻറിന്, മുൻകൂട്ടിയുള്ള പ്രസിദ്ധീകരണത്തിനുശേഷം, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഈ ആക്ററിൻെറ ആവശ്യങ്ങൾ നടപ്പിലാക്കാൻ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്കു ഭംഗം വരാത്തവിധത്തിലും, അങ്ങനെയുള്ള ചട്ടങ്ങൾക്കു,—

(ക) പട്ടികയിൽ ഉൾപ്പെടുത്തേണ്ട കൂടുതൽ വിഷയങ്ങളും, അങ്ങനെയുള്ള ഏതെങ്കിലും കൂടുതൽ വിഷയമനുസരിച്ച് ഈ ആക്റ്റിൻ കീഴിൽ സർട്ടിഫൈചെയ്ത സ്ഥിരം ഉത്തരവുകൾ രൂപഭേദപ്പെടുത്തുന്നതിൽ അനുവർത്തിക്കേണ്ട നടപടിക്രമവും നിർണ്ണയിക്കുകയും;

(ഖ) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി മാതൃകാസ്ഥിരം ഉത്തരവുകൾ കാണിക്കുകയും;

(ഗ) സർട്ടിഫൈചെയ്യുന്ന ഉദ്യോഗസ്ഥൻമാരുടേയും അപ്പീൽഅധികാരസ്ഥാനങ്ങളുടേയും നടപടിക്രമം നിർണ്ണയിക്കുകയും;

(ഘ) സ്ഥിരം ഉത്തരവുകളുടെ രജിസ്റ്ററിൽ ചേർത്തിട്ടുള്ള സ്ഥിരം ഉത്തരവുകളുടെ പകർപ്പുകൾക്ക് ചാർജ് ചെയ്യാവുന്ന ഫീസ് നിർണ്ണയിക്കുകയും;

(ങ) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും വിഷയത്തിന് വ്യവസ്ഥ ചെയ്യുകയും, ചെയ്യാവുന്നതാണ്:

എന്നാൽ (ക) ഖണ്ഡത്തിൻകീഴിൽ ഏതെങ്കിലും ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുമുമ്പ്, സമുചിത ഗവൺമെന്റ് നിയോജകൻമാരുടെ പ്രതിനിധികളോടും തൊഴിലാളികളുടെ പ്രതിനിധികളോടും ആലോചിക്കേണ്ടതാകുന്നു.

(3) ഈ വകുപ്പിൻകീഴിൽ കേന്ദ്രഗവൺമെന്റ് ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ, പാർലമെന്റ് സമ്മേളനത്തിലിരിക്കുമ്പോൾ അതിന്റെ ഓരോസഭയുടെയും മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടു സമ്മേളനങ്ങളിലോ ആയി, ആകെ മുപ്പതു ദിവസക്കാലത്തേയ്ക്കു വയ്ക്കേണ്ടതും, ഏത് സമ്മേളനത്തിലാണോ അത് അപ്രകാരം വച്ചിട്ടുള്ളത്, ആ സമ്മേളനമോ അതിനു തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, ഇരുസഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം ആ ചട്ടത്തിന്, അതതുസംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുമ്പ് ചെയ്തിട്ടുള്ള എന്തിന്റേയെങ്കിലും സാധുതയ്ക്കു ഭംഗംവരാത്തവിധത്തിലായിരിക്കുന്നതാണ്.

## പട്ടിക

[ 2 (ഛ) യും 3 (2)-ം വകുപ്പുകൾ നോക്കുക]

## ഈ ആക്റ്റിൻകീഴിൽ സ്ഥിരം ഉത്തരവുകളിൽ വ്യവസ്ഥചെയ്യേണ്ട വിഷയങ്ങൾ

1. തൊഴിലാളികളുടെ തരംതിരിക്കൽ, ഉദാഹരണം: സ്ഥിരക്കാരോ, താത്ക്കാലികരോ, അപ്രന്റീസുകളോ, പ്രൊബേഷണർമാരോ, പകരക്കാരോ എന്നുള്ളത്.

2. പ്രവൃത്തിക്കാലയളവുകളും പ്രവൃത്തിമണിക്കൂറുകളും, ഒഴിവുദിവസങ്ങളും, ശമ്പളദിവസങ്ങളും, കൂലിനിരക്കുകളും തൊഴിലാളികളെ അറിയിക്കുന്ന രീതി.

3. ഷിഫ്ററായി പ്രവൃത്തി ചെയ്യുന്നത്.

4. ഹാജരും വൈകിവരലും.

5. അവധിയ്ക്കും ഒഴിവുദിവസങ്ങൾക്കും ഉള്ള ഉപാധികളും അവയ്ക്കു അപേക്ഷിക്കുന്നതിനുള്ള നടപടിക്രമവും; അവ അനുവദിക്കാവുന്ന അധികാരസ്ഥാനവും.

6. കെട്ടിടപരിസരങ്ങളിൽ നിശ്ചിത ഗേററുകൾവഴി പ്രവേശിക്കാൻ ആവശ്യപ്പെടലും, ശോധനയ്ക്കുള്ള വിധേയത്വവും.

7. വ്യാവസായികസ്ഥാപനങ്ങളുടെ വിഭാഗങ്ങൾ അടയ്ക്കുന്നതും, വീണ്ടും തുറക്കുന്നതും, താത്ക്കാലികമായി പ്രവൃത്തി നിറുത്തിവയ്ക്കുന്നതും, അതിൽനിന്നുളവാകുന്ന നിയോജകൻേറയും തൊഴിലാളികളുടേയും അവകാശങ്ങളും ബാദ്ധ്യതകളും.

8. നിയോജനം അവസാനിക്കലും, അതുസംബന്ധിച്ച് നിയോജകനും തൊഴിലാളികളും നല്കേണ്ട നോട്ടീസും.

9. നടപടിദൂഷ്യത്തിന് സസ്പെൻഡ് ചെയ്യുകയോ ഡിസ്മിസ് ചെയ്യുകയോ ചെയ്യുന്നതും, നടപടിദൂഷ്യമാക്കിത്തീർക്കുന്ന കൃത്യങ്ങളും അല്ലെങ്കിൽ കൃത്യവിലോപങ്ങളും.

10. നിയോജകനാലോ അയാളുടെ ഏജൻറുമാരാലോ, ഭൃത്യൻമാരാലോ ഉള്ള നീതിപൂർവ്വകമല്ലാത്ത പെരുമാററത്തിനോ അന്യായമായ വസൂലാക്കലുകൾക്കോ എതിരായി തൊഴിലാളികൾക്കുള്ള നിവൃത്തിമാർഗ്ഗങ്ങൾ.

11. നിർണ്ണയിക്കപ്പെടുന്ന മറേറതെങ്കിലും വിഷയം.